**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2847** **06-10-2025 - ൽ മറുപടിയ്ക്ക്**

**തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളെ എത്ര വിഭാഗങ്ങളായാണ് തരംതിരിച്ചിട്ടുള്ളത്; ഇവ ഓരോന്നിലും വ്യവസ്ഥ ചെയ്യുന്ന പൂജാവിധികൾ, സമയക്രമങ്ങൾ എന്നിവ വിശദമാക്കുമോ? | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ദേവസ്വങ്ങളെ ഗ്രേഡ് 1, ഗ്രേഡ് 2, ഗ്രേഡ് 3 എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ഓരോ ദേവസ്വത്തിന്റേയും പതിവ് പടിത്തരം അനുസരിച്ചാണ് പൂജാവിധികൾ നിശ്ച്ചയിച്ചിട്ടുള്ളത്. നിത്യപൂജകളുടെ എണ്ണം ഒരോ ദേവസ്വങ്ങളുടേയും പ്രാധാന്യം അനുസരിച്ച് വ്യത്യസ്തമായിരിക്കും. നിത്യ പൂജകളുടെ എററവും കൂടിയ എണ്ണം അഞ്ചും കുറഞ്ഞത് ഒന്നുമാണ്.<br><br>അപ്രകാരമുള്ള അഞ്ച് പൂജകൾ ചുവടെ ചേർക്കുന്നു.<br><br>1. ഉഷപൂജ<br><br>2. എതിർത്ത് പൂജ<br><br>3. പന്തീരടി പൂജ<br><br>4 ഉച്ച പൂജ<br><br>5. അത്താഴ പൂജ<br><br>വിവിധങ്ങളായ പൂജകൾക്ക് യോജിച്ച സമയങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഒരു പൂജ മാത്രമുള്ള ക്ഷേത്രങ്ങളിൽ അത് രാവിലെ 6 മണിക്കും 10 മണിക്കുമിടയ്ക്കോ അങ്ങനെ സാധ്യമല്ലെങ്കിൽ വൈകുന്നേരം അഞ്ച് മണിക്കുമേൽ 8 മണി വരെയുള്ള സമയത്തോ ആയിരിക്കണം.<br><br>2. രണ്ട് പൂജ നടത്തേണ്ട ക്ഷേത്രങ്ങളിൽ ആദ്യത്തെ പൂജ രാവിലെ 6 മണിക്കും 10 മണിക്കുമിടയ്ക്കും വൈകുന്നേരത്തേത് 5 മണി മുതൽ 8 മണി വരെയുള്ള സമയത്തും ആയിരിക്കും.<br><br>3. മൂന്ന് പൂജകൾ ഉള്ളിടത്ത് ഉഷ പൂജ കാലത്ത് 6.30 മണിക്ക് മുൻപും ഉച്ച പൂജ 10 നു മേൽ 10.30 നും അത്താഴ പൂജ 7 നും 8 നും മദ്ധ്യേ ആയിരിക്കും. |

| | | | |
|---|---|---|---|
| | | | 4. നാല് പൂജകൾ ഉള്ള ദേവസ്വങ്ങളിൽ ആദ്യത്തെ പൂജ രാവിലെ 6.30 മണിയോട് കൂടി കഴിഞ്ഞിരിക്കണം, രണ്ടാമത്തേത് 8.30 നും ഉച്ച പൂജ 11 മണിക്കും അത്താഴ പൂജ 7 മണിക്ക് മേൽ 8 മണിക്ക് അകവും ആയിരിക്കണം.<br><br>5. അഞ്ച് പൂജ പതിവുള്ള ക്ഷേത്രങ്ങളിൽ ഉഷ പൂജ 6.30 മണിക്കും, എതിർത്ത് പൂജ 7.30 നും, പന്തീരടി പൂജ 8.30 നും, ഉച്ച പൂജ 11 മണിക്കും, അത്താഴ പൂജ 7നും 8നും ഇടയിലുള്ള സമയത്തും നടത്തിയിരിക്കേണ്ടതാണ്.<br><br>പൂജകൾ സംബന്ധിച്ച അന്തിമ തീരുമാനം അതാത് ദേവസ്വം തന്ത്രിയുടെ അഭിപ്രായ പ്രകാരമായിരിക്കും. |

സെക്ഷൻ ഓഫീസർ